കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുഞ്ഞുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി10/980/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/09/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ/കെഎൻആർ/സി10/980/24 തീയ്യതി: 05/09/2024

കണ്ണൂർ ജില്ലയിലെ ക്ഷേത്രപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ക്ഷേത്രപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-06-2023 മുതൽ 09-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജയരാജൻ. കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	10-06-2024	18-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-06-2024	18-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ
2. ശ്രീമതി.വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.രാജിമ.എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി.നിഖില.എ.എം, ഓഡിറ്റർ

e No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
nerated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ആർ. ഷീല	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി. ബീന. കെ.എം	സെക്രട്ടറി	01-04-2023	31-05-2023
ശ്രീ. സുരേഷ് കസ്തൂരി, ജോയിന്റ് ബി.ഡി.ഒ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2023	10-07-2023
ശ്രീമതി. മുന്ന പി സദാനന്ദ്	സെക്രട്ടറി	11-07-2023	18-03-2024
ശ്രീ. സുരേഷ്. എൻ, ജോയിന്റ് ബി.ഡി.ഒ	സെക്രട്ടറി-ഇൻ-ചാർജ്ജ്	19-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. മനോജ് കുമാർ അക്കോട്ടില്ലം	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	14-11-2023
ശ്രീമതി. ലജിത. വി.എ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	15-11-2023	31-03-2024
ശ്രീ. ദിലീഷ്. കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	20-07-2023
ശ്രീ. രാജീവൻ. ടി	അസിസ്റ്റന്റ് എഞ്ചിനീയർ	21-07-2023	31-03-2024
ശ്രീമതി. ലക്ഷ്മി കേളോത്ത്	ശിശു വികസന പദ്ധതി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. പ്രീത. പി.എം	ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ)	01-04-2023	31-03-2024
ശ്രീമതി. ഗിരിജ. പി.വി	പട്ടികവർഗ്ഗ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ. വിനോദ് കുമാർ നരിക്കോടൻ	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ. ജയൻ. എം.വി	ക്ഷീര വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. ബേബി റീന. പി.കെ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2023	17-06-2023
ശ്രീമതി. ലയജോസ്	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	18-06-2023	31-10-2023
ശ്രീമതി. ഷീന	കൃഷി അസിസ്റ്റന്റ്	01-11-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല	1-1-2
4	ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല	1-1-3
5	ബാലൻസ് ഷീറ്റിൽ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല	1-1-4
6	ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ VAT, CGST, SGST, Flood Cess ബാധ്യതകൾ ക്രമീകരിച്ചില്ല	1-1-5
7	ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് വാർഷിക ധനകാര്യ പത്രികയിലെ തുകയും എ സി ആറും പൊരുത്തപ്പെടുന്നില്ല	1-1- 6
8	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-7
9	അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-8
10	വാടക രജിസ്റ്റർ കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	കാലികമായ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	ക്യാഷ് പരിശോധന	1-6
17	ആഭ്യന്തര നിയന്ത്രണം	1-7
18	ഗ്രാമസഭ	1-8
19	കമ്മിറ്റികളുടെ പ്രവർത്തനം	1-9
20	ബ്ലോക്ക് പഞ്ചായത്ത് എസ്.ജി.എസ്.വൈ ഉല്പന്ന വിപണന കേന്ദ്രത്തോടനുബന്ധിച്ചുള്ള മുറികൾ, SGSY ഔട്ട് ലെറ്റ്, DWCRA വനിത കാന്റീൻ എന്നിവയുടെ വാടക നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-10
21	ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	
22	വാഹന ഉപയോഗം - അപാകങ്ങൾ	1-11
23	ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല 41921/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-12
24	സ്മാർട്ട് ഐ-ഫോസ് 1- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-13
25	എ ബി സി പദ്ധതി - കൈമാറിയ തുകയുടെ വിനിയോഗ രേഖകളില്ല	1-14
		1-15

AEE

No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
rated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

	ഡയറക്ടർ		
ഡോ. ഷറീജ് ജനാർദ്ദനൻ	മെഡിക്കൽ ഓഫീസർ, മദർ പി.എച്ച്.സി, ചിറ്റാരിപ്പറമ്പ്	01-04-2023	06-06-2023
ഡോ. മഞ്ജുള. കെ.പി	മെഡിക്കൽ ഓഫീസർ, മദർ പി.എച്ച്.സി, ചിറ്റാരിപ്പറമ്പ്	07-07-2023	31-03-2024
ഡോ. അലൻ. ജി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പാട്യം	01-04-2023	31-03-2024

	200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	
26	എം സി എഫ് വിപുലീകരണം ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്	1-16
27	സ്ഥലം വാങ്ങാൻ നൽകിയതുക വിനിയോഗബാക്കി തിരികെ ഈടാക്കിയില്ല	1-17
28	പട്ടികവർഗ്ഗ കോളനികളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹87314 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-18
29	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി -രേഖകൾ ലഭ്യമാക്കിയിട്ടില്ല -₹ 170000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-19
30	എ ഡി എ ഓഫീസിലേക്ക് ലാപ്ടോപ്പ് -ലാപ്ടോപ്പ് ലഭ്യമായില്ല.₹48276 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-20
31	ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-വിതരണ രേഖകൾ ലഭ്യമാക്കിയില്ല - 315000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.	1-21
32	പാലിന് ഇൻസെന്റീവ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല 1100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-22
33	കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ;അധിക സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്	1-23
34	സ്ത്രീ പദവി പഠനം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-24
35	ആസ്തി പരിപാലനം-നടപടികൾ സ്വീകരിക്കേണ്ടതാണ്	1-25
36	പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാരപരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്	1-26
37	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - അവലോകനം	1-27

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്
4	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്
5	ബാലൻസ് ഷീറ്റ്

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 23-4-2024 ലെ 2(2)/24-25നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 8.05.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

തീയതി: 05.09.2024

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

1-1-1 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, TSC, SGSY എന്നിവയിൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ, ബി-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല, വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	ബി-4 ഷെഡ്യൂൾ നീക്കിയിരിപ്പ്	ബി-17 ഷെഡ്യൂൾ നീക്കിയിരിപ്പ്
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	7986317	7909950
TSC	1117928	1806650

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

SGSY	19269.01	0.01
IAY	ഉൾപ്പെടുത്തിയില്ല	24226

IAY അക്കൗണ്ടിൽ ബി-17 പ്രകാരമുള്ള 24,226/- രൂപ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1-1-2 ക്യാഷ്റ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിൽ Capital Contribution എന്ന ഹെഡിൽ വിവിധ ഗ്രാന്റുകൾ (ഉദാ: ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ്) എന്നിവ ഉപയോഗിച്ച് തൻവർഷം സൃഷ്ടിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്ത് കാലികമാക്കിയിട്ടില്ല.

1-1-3 ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഭരണസമിതി അംഗങ്ങളുടെ മാർച്ച് 2023 മാസത്തെ സിറ്റിംഗ് ഫീ, ഹോണറേറിയം, താൽക്കാലിക ജീവനക്കാരുടെയും മാർച്ച് മാസത്തെ ശമ്പളം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 ബാലൻസ് ഷീറ്റിൽ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

1-1-5 ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ VAT, CGST, SGST, Flood Cess ബാധ്യതകൾ ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ VAT, Flood Cess ഇനങ്ങളിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പാണ് തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ തുകകൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ CGST, SGST നീക്കിയിരിപ്പ് തൻവർഷത്തെ പ്രസ്തുത ഹെഡിലെ മുൻവർഷത്തെ നീക്കിയിരിപ്പിനോട് RP-36 പ്രകാരം മേൽ ഹെഡുകളിലെ വരവ് ചെലവ് കഴിച്ച് ലഭിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-1- 6 ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് വരവ് ചെലവ് വാർഷിക ധനകാര്യ പത്രികയിലെ തുകയും എ സി ആറും പൊരുത്തപ്പെടുന്നില്ല

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് സാംഖ്യ എസി ആർ പ്രകാരം ടൈഡിലെ വരവ് തുക 3362500/- രൂപയും അൺടൈഡിലെ വരവ് പലിശയുൾപ്പെടെ 4788936/- രൂപയും ആണ് . ആയത് വാർഷിക കണക്കിൽ RP-31ൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ RP-7ൽ രേഖപ്പെടുത്തിയ 76367/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം 9194208/- രൂപയും എ സി ആർ പ്രകാരം 9504208/- രൂപയുമാണ്.

1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/ Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-19037658യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-14995272 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-8 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (ചട്ടം 62 E) എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ

പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണമായ രൂപത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ബാലൻസ് ഷീറ്റ്, റസീറ്റ് ആന്റ് പേമെന്റ് എന്നിവയിലെ തുകകൾ ഇപ്രകാരം പൂർണ്ണരൂപത്തിൽ എഴുതിയിട്ടില്ല.

1-1-9 വാടക രജിസ്റ്റർ കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

രജിസ്റ്ററിലെ തൻവർഷ, ഡിമാന്റ്, കളക്ഷൻ നീക്കിയിരിപ്പ് തുകകളും കടിശ്ശിക ഡിമാന്റ്, കളക്ഷൻ നീക്കിയിരിപ്പ് തുകകളും ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

വാടക	രജിസ്റ്റർ പ്രകാരം	ധനകാര്യ പത്രിക പ്രകാരം
തൻവർഷ കളക്ഷൻ	639450	655950 (RP-43)
അരിയർ കളക്ഷൻ	69900	53400 (RP-43)
തൻവർഷ ബാലൻസ്	126630	110130 (B-15)
അരിയർ ബാലൻസ്	1200	17700 (B-15)

തൻവർഷം അരിയർ റെന്റ് ഇനത്തിൽ വരവ് വന്ന 16500/- രൂപ ധനകാര്യ പത്രികയിൽ കറന്റ് റെന്റ് ഇനത്തിലാണ് വരവ് ചേർത്തിട്ടുള്ളത്. രജിസ്റ്ററിൽ കടിശ്ശിക ഡിമാന്റിൽ മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ അരിയർ ഇനത്തിൽ കാണിച്ചിട്ടുള്ള 1200/- രൂപ ഒഴിവാക്കി 69900/- രൂപ മാത്രമാണ് ഡിമാന്റായി കാണിച്ചിട്ടുള്ളത്.

1-1-10 കാലികമായ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

B-11 Fixed Assets ഷെഡ്യൂളിലെ കൃത്യത പരിശോധിക്കാനാവശ്യമായ രീതിയിൽ തയ്യാറാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

ചുള്ളിപാറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 22.03.2023 തീയതിയിലെ 1(1)/2022-23 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 09.02.2024ലെ 1(1)/2023-24 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	15788833	18780619
വരവ്	498466600	411961600
ആകെ	514255433	430742219
ചെലവ്	513901983	411961600
നീക്കിയിരിപ്പ്	353450	18780619

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	3,10,32,974.01
വരവ്	4,78,32,513
ആകെ	7,88,65,487.01
ചെലവ്	6,68,70,171
നീക്കിയിരിപ്പ്	1,19,95,316.01
വരവിനങ്ങളിലെ നഷ്ടം	0

ചെലവിനങ്ങളിലെ നഷ്ടം	0
തടസ്സപ്പെട്ടുത്തിയ ഇക	21,39,511

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ലാപ്സ്/ നീക്കിയിരിപ്പ്
വികസന ഫണ്ട് ജനറൽ	0	27073000	27073000	23107670	3965330
വികസന ഫണ്ട് എസ്.സി.പി	0	1701000	1701000	701000	1000000
വികസന ഫണ്ട് ടി.എസ്.പി	0	1939000	1939000	1905570	33430
മെയിന്റനൻസ് നോൺ റോഡ്	0	1934000	1934000	1874822	59178
സെൻട്രൽ ഫിനാൻസ് കമ്മീഷൻ (ടൈഡ് ഗ്രാന്റ് (ACR പ്രകാരം)	66,31,385+ 29,10,302* 95,41,687	3362500	12904187	3009118	6984767 2910302 9895069
സെൻട്രൽ ഫിനാൻസ് കമ്മീഷൻ (അൺടൈഡ് ഗ്രാന്റ് (ACR പ്രകാരം)	23,21,337+ 33,942* 23,55,279	4788936	7144215	6185090	925183 33942 959125
എസ് ജെ എസ് വൈ	19,269	0	19,269	0	19,269
ടിഎസ് സി	11,17,928	0	11,17,928	0	11,17,928
പൈക്ക	11,000	0	11000	0	11000
ശുചിത്വ മിഷൻ ഗ്രാന്റ്	16,770	0	16,770	0	16,770
നിർമ്മൽ പുരസ്കാർ	10,34,570	0	10,34,570	401763	632807
കില പരിശീലനം	0	159500	159500	159000	500
ഹെൽത്ത് ഗ്രാന്റ്	0	2796906	2796906	1549874	1247032

*സ്പിൽ ഓവർ പദ്ധതികൾക്കായി ലഭിച്ച തുക ഉൾപ്പെടെയുള്ള ടഷറി നീക്കിയിരിപ്പ്/ലാപ്സ്ഡ് തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്കിൽ RP-7ൽ ഉൾപ്പെട്ട 76,367/- രൂപ അലോട്ട്മെന്റല്ല എന്നും പലിശ തെറ്റായി കാണിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
97	91925764	69	41034506	11	28	58	60

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
ശിശു വികസന പദ്ധതി ഓഫീസർ	12	11	46,87,200	42,54,395	90.76
സെക്രട്ടറി	38	27	3,65,46,172	2,08,71,344	57.10
ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ	2	2	5,50,000	5,16,570	93.92
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	11	11	57,37,863	35,64,117	62.11
കൃഷി അസിസ്റ്റന്റ് ഡയറക്ടർ	5	5	16,28,850	10,27,126	63.05
ക്ഷീര വികസന ഓഫീസർ	3	3	71,70,000	36,70,000	51.18
വ്യവസായ വികസന ഓഫീസർ	2	2	33,00,000	6,91,092	20.94
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	4	2	1,28,33,622	32,30,336	25.17
അസിസ്റ്റന്റ് എഞ്ചിനീയർ	20	6	1,94,72,057	32,09,526	16.48
	97	69	91925764	41034506	44.63

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

2023-24 സാമ്പത്തിക വർഷം 97 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 69 പ്രോജക്ടുകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. 28 പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പൊതുമരാമത്ത് വിഭാഗത്തിൽ വളരെ കുറച്ച് പദ്ധതികൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 4 പദ്ധതികളിൽ 2 പദ്ധതികളും, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 20 പദ്ധതികളിൽ 6 പദ്ധതികളും മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 25.17%വും അസിസ്റ്റന്റ് എഞ്ചിനീയർ 16.48% വും ഫണ്ട് മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വ്യവസായ വികസന ഓഫീസർ 20.94% ഫണ്ട് മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച പദ്ധതികൾ കാലതാമസം കൂടാതെ നിർവ്വഹണം നടത്താനും ലഭ്യമായ ഫണ്ട് നഷ്ടപ്പെടുത്താതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.06.2024 തീയതിയിൽ 12.20 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ച കൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

1-8 ഗ്രാമസഭ

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2023-24 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി 25.01.2023 ന് ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡണ്ടുമാർ, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർമാർ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ ആകെ 89 പേർ പങ്കെടുത്തിട്ടുണ്ട്. വിവിധ ഗ്രൂപ്പായി പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും മിനുട്സിൽ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-9 കമ്മിറ്റികളുടെ പ്രവർത്തനം

2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി 09.01.2023ന് വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി ചേർന്നിട്ടുണ്ട്. യോഗത്തിൽ 105 പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. 14 വർക്കിങ്ങ് ഗ്രൂപ്പുകളും പ്രത്യേക ഗ്രൂപ്പായി തിരിഞ്ഞ് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ഗ്രൂപ്പ് കൺവീനർമാർ പദ്ധതി നിർദ്ദേശങ്ങൾ ജനറൽ ബോഡിയിൽ അവതരിപ്പിക്കുകയും ആയത് ജനറൽ ബോഡി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മിനുട്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും മിനുട്സുകൾ തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

1-10 ബ്ലോക്ക് പഞ്ചായത്ത് എസ്.ജി.എസ്.വൈ ഉല്പന്ന വിപണന കേന്ദ്രത്തോടനുബന്ധിച്ചുള്ള മുറികൾ, SGSY ഔട്ട് ലെറ്റ്, DWCRA വനിത കാന്റീൻ എന്നിവയുടെ വാടക നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് എസ്.ജി.എസ്.വൈ ഉല്പന്ന വിപണന കേന്ദ്രത്തോടനുബന്ധിച്ചുള്ള മുറികൾ, SGSY ഔട്ട് ലെറ്റ്, DWCRA വനിത കാന്റീൻ എന്നിവിടങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവയിലെ തീരുമാനങ്ങളുടെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
2. മുറികൾ ലേലം കൊണ്ട എല്ലാ കൈവശക്കാരുമായും ബ്ലോക്ക് പഞ്ചായത്ത് ചമച്ച കാലികവും നിയമ പ്രാബല്യമുള്ളതുമായ കരാർ ലഭ്യമാക്കിയിട്ടില്ല.
3. 2023-24 വർഷത്തെ വാടക രജിസ്റ്ററിൽ ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ വിവരങ്ങൾ ലഭ്യമല്ല.
4. കുടിശ്ശിക തുകകൾ ഇതിനോടകം പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, അല്ലാത്തപക്ഷം കുടിശ്ശിക

പരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (22/15.06.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ഒഴിഞ്ഞു കിടക്കുന്ന മുറികൾ ഉണ്ടെങ്കിൽ ആയത് ലേലം കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.092013-ലെ ജി.ഒ (എം.എസ്) 318/2013/ ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2014-15 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻകയറിക്കുള്ള (1/13.06.2024) മറുപടിയിൽ 5,32,685/- രൂപ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തിരികെ ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

വർഷം	തുക
2014-15	37390
2015-16	11560
2016-17	76860
2017-18	95650
2018-19	55060
2019-20	74531
2020-21	36450
2021-22	47600
2022-23	84844
2023-24 (14.06.2023 വരെ)	12740
ആകെ	532685

ഇ-ടെണ്ടർ ഫീസ് ക്രെഡിറ്റ് ചെയ്യുന്നതിനായി എസ്.ബി.ഐ കുത്തുപറമ്പ് ശാഖയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് (നം.41350077604) തുടങ്ങിയിട്ടുണ്ടെന്നും 14.06.2023 മുതൽ ഈ അക്കൗണ്ടിലാണ് ഇ-ടെണ്ടർ ഫീസ് ക്രെഡിറ്റ് ചെയ്യുന്നതെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള 5,32,685/- രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 വാഹന ഉപയോഗം – അപാകങ്ങൾ

30.06.2007ലെ സ.ഉ(എം.എസ്.) നം.170/07/ത.സ്വ.ഭ.വ. അനുസരിച്ച് കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ KL 58H 8888 നമ്പർ വാഹനത്തിന്റെ (പ്രസിഡന്റിന്റെ വാഹനം) കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി നിർബന്ധമായും സൂക്ഷിക്കേണ്ടതായ താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(I) പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയുടെ ഓർഡർ ബുക്ക്

(Ii) റിപ്പയർ രജിസ്റ്റർ

(Iii) സ്റ്റോക്ക് രജിസ്റ്റർ

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോമീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്നു ബോധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ പരിശോധന നടത്തിയതായി കാണുന്നില്ല.

ഖണ്ഡിക 11ൽ ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. മൈലേജ് പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലോഗ്ബുക്കിൽ ലഭ്യമല്ല.

ഉത്തരവിന്റെ ഖണ്ഡിക 16ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

1-13 ഐ കെ എം വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല 41921/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം. & പേര്	1/24, ഐ കെ എംന് വിഹിതം നൽകൽ
അടങ്കൽ	₹41921 (വികസന ഫണ്ട്)
ചെലവ്	₹41921
ബിൽ നം. & തീയതി	27/22.06.2023

ഐ.കെ.എം.ന് വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി ₹41921 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (A/C No.57047023512) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ15/15024). അതിനാൽ 41,921/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 സ്മാർട്ട് ഐ-ഫോസ് 1- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	85/24 സ്മാർട്ട് ഐ-ഫോസ് 1 2022-23
അടങ്കൽ	₹177000 വികസന ഫണ്ട്
ചെലവ്	₹177000 ബിൽ നമ്പർ : 10/31.05.2023

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി.സി. ടി.വി ക്യാമറ സ്ഥാപിച്ച് മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. 2022-23 വർഷം പദ്ധതിയുടെ ഒന്നാം ഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവായി ജില്ലാപഞ്ചായത്തിന് അനുവദിക്കേണ്ട തുകയാണ്. പ്രസ്തുതവർഷം തുക ഇ-സബ്മിറ്റ് ചെയ്യാൻ സാധിക്കാതെ വന്നതിനാൽ 2023-24 വർഷം സ്പിൽ ഓവർ പദ്ധതി ആയാണ് തുക (₹177000) നൽകിയിരിക്കുന്നത്. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗവിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 18/15.06.2024). ആയതിനാൽ ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 എ ബി സി പദ്ധതി – കൈമാറിയ തുകയുടെ വിനിയോഗ രേഖകളില്ല 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം. & പേര്	112/24, എ ബി സി പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ
അടങ്കൽ	₹200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹200000
വൗച്ചർ നം. & തീയതി	XVFC/2023-24/P/2 08.12.2023

എ ബി സി പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ എന്ന പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹200000 ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 110102510533 നമ്പർ അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ജില്ലാപഞ്ചായത്ത് മേൽ പദ്ധതിക്കായി വിനിയോഗിച്ചതിന്റെ രേഖകൾ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടില്ല. അതിനാൽ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-16 എം സി എഫ് വിപുലീകരണം ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം. & പേര്	97/24, വിവിധ ഗ്രാമപഞ്ചായത്തുകളിലെ എം.സി.എഫ് വിപുലീകരണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ
അടങ്കൽ	₹1850000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹1460912
ബിൽ നം. & തീയതി	346/28-03-24 ₹460912 Vr. No :XVFC/2023-24/P/4 തീയതി 09.01.2024; ₹10,00,000

വിവിധ ഗ്രാമപഞ്ചായത്തുകളിലെ എം സി എഫ് വിപുലീകരണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ആകെ ₹1460912 ചെലവഴിച്ചിട്ടുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്കായി ₹460912ഉം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന് ₹1000000യും മുകളിൽ കൊടുത്ത പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ കോട്ടയം ഗ്രാമപഞ്ചായത്തിന് നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന് നൽകിയ ₹1000000ൽ ₹157150 വിനിയോഗിക്കാതെ ബാക്കിയുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്. കൈമാറുന്ന തുകയുടെ വിനിയോഗത്തിന്റെ വിശദമായ വിവരം ലഭ്യമാക്കുന്നുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

1-17 സ്ഥലം വാങ്ങാൻ നൽകിയതുക വിനിയോഗബാക്കി തിരികെ ഈടാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം. & പേര്	26/24, ആയിത്തറസ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ-മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്
അടങ്കൽ ₹7000000	₹2500000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ₹500000 (തനത് ഫണ്ട്) ₹2000000 (ഗ്രാമപഞ്ചായത്ത് വിഹിതം) ₹2000000 (ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ്	ആകെ ₹3000000

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

ബിൽ നം. & തീയതി	344/28.03.2024 – ₹1100000 347/30.03.2024 – ₹1400000 ചെക്ക് നമ്പർ 000166/26.03.204 - ₹500000

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ ആയിത്തറ സ്റ്റേഡിയത്തിന് സ്ഥലം വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹3000000 മുകളിൽ കൊടുത്ത പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഈ തുകയിൽ ₹2840000 ആണ് വിനിയോഗിച്ചത് (ഓഡിറ്റ് എൻക്വയറി നമ്പർ 16/15.06.2024ന് നൽകിയ മറുപടി). വിനിയോഗിക്കാതെ ബാക്കിയുള്ള ₹160000 തിരികെ ഈടാക്കേണ്ടതാണ്.

1-18 പട്ടികവർഗ്ഗ കോളനികളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹87314 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

TEO

നിർവ്വഹണ ഉദ്യോഗസ്ഥൻ	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	37/24, പട്ടിക വർഗ്ഗ കോളനികളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ്
അടങ്കൽ	₹150000 (ടി എസ് പി ഫണ്ട്)
ചെലവ്	₹146570
ബിൽ നമ്പർ, തീയതി, തുക	1) 84/29.09.2023, ₹87930 2) 92/06.10.2023, ₹10156 3) ബിൽ നമ്പർ 188/29.12.2023, ₹48484 ആകെ- ₹146570

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ക്രമ നമ്പർ 1 ബില്ല് പ്രകാരം ₹5000 യുടെ മരുന്നുകൾ പാട്യം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും ₹72158 യുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിട്ടുണ്ട്. ക്രമ നമ്പർ 2 ബില്ലുകൾ പ്രകാരം ₹10156 യുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും രേഖകൾ സൂക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാനും ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/14.06.2024) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ കണ്ണവം ആയുർവേദ ആശുപത്രിയിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും മെഡിക്കൽ ഓഫീസറിൽ നിന്ന് ആയത് ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ മരുന്ന് വാങ്ങിയ ഇനത്തിലുള്ള ₹87314 (₹82314+₹5000)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി -രേഖകൾ ലഭ്യമാക്കിയിട്ടില്ല -₹ 170000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

TEO

നിർവ്വഹണ ഉദ്യോഗസ്ഥൻ	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ/പേര്	9/24 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ	₹400000 വികസനഫണ്ട് – ടി എസ് പി
ചെലവ്	₹370000
ബിൽ നമ്പർ, തീയതി, തുക	97/30.10.2023 ₹30000 122/28.11.2023 ₹90000 183/22.12.2023 ₹60000 333/26.03.2024 ₹190000 ആകെ – ₹370000

സ.ഉ(സാധാ)നം.1877/2023/ത.സ്വ.ഭ.വ തീയതി 21.09.2023 ഖണ്ഡിക 3 പ്രകാരം ആകെ ധനസഹായമായ 2 ലക്ഷം രൂപയിൽ ₹30000 അഡ്വാൻസായി നൽകാം എന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബേസ്മെന്റ് പൂർത്തിയാകുമ്പോൾ ₹60000, മേൽക്കൂര പൂർത്തിയാകുമ്പോൾ ₹80000, പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷിംഗ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ ₹30000 എന്നിങ്ങനെ 4 ഗഡുക്കളായി തുടർന്നുള്ള ധനസഹായം

അനുവദിക്കാമെന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു നൽകാവുന്നതാണ് എന്നും എല്ലാ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏടുക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.
പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന മേൽ പ്രോജക്ട് പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ രണ്ട് വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. തീർത്ഥ പി എന്ന വിദ്യാർത്ഥിക്ക് ₹ 200000 അനുവദിക്കുകയും പഠനമുറി നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജയസോണ. കെ.വി എന്ന വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണത്തിനായി വിദ്യാർത്ഥിയുടെ മാതാവായ സോണിയ എന്നവരുടെ അക്കൗണ്ടിലേക്ക് ₹170000 നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1. പഠനമുറി നിർമ്മാണത്തിന് വേണ്ടി എടുത്ത എക്സ്റ്റൻഷൻ പെർമിറ്റിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമായിട്ടില്ല.

3. മൂന്നാം ഗഡു അനുവദിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിക്ക്(5/14.06.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പഠനമുറിയുടെ നിർമ്മാണത്തിനായി ₹170000 കൈപ്പറ്റി നാളിതുവരെ ഗുണഭോക്താവ് പെർമിറ്റ് എടുക്കുകയോ പ്ലാൻ സമർപ്പിക്കുകയോ പണി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. പഠനമുറിയുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹170000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 എ ഡി എ ഓഫീസിലേക്ക് ലാപ്ടോപ്പ് -ലാപ്ടോപ്പ് ലഭ്യമായില്ല.₹48276 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)
പ്രോജക്ടിന്റെ നമ്പരും പേരും	58/24 എ ഡി എ ഓഫീസിലേക്ക് ലാപ്ടോപ്പ്
അടങ്കൽ	₹50000 മെയിന്റൻസ് ഗ്രാന്റ് (റോഡിതരം)
ചെലവ്	₹48276
ബിൽ നമ്പർ & തീയതി	182/22.12.2023

മേൽ പ്രോജക്ട് പ്രകാരം എ ഡി എ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം സ്റ്റേറ്റ് ഐ.ടി മിഷന്റെ 799011400003959 അക്കൗണ്ടിലേക്ക് ₹48276 കൈമാറിയിട്ടുണ്ട്. ലാപ്ടോപ്പ് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ടോ എന്നറിയിക്കേണ്ടതും, ഉണ്ടെങ്കിൽ ഒറിജിനൽ ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കാനും, ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെങ്കിൽ ആയവ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 11/14.06.2024) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് കൈമാറുകയും 55591 നമ്പർ പ്രകാരം വർക്ക് ഓർഡർ ജനറേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ലാപ്ടോപ്പ് ലഭ്യമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ലാപ്ടോപ്പ് ലഭ്യമാകാത്തതിനാൽ ₹48276യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലാപ്ടോപ്പ് ലഭ്യമായ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-വിതരണ രേഖകൾ ലഭ്യമാക്കിയില്ല – 315000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, കുറ്റ്യാടി അഡീഷണൽ
പ്രോജക്ടിന്റെ നമ്പർ, പേര്	43/24, ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ
അടങ്കൽ	₹315000 വികസനഫണ്ട്
ചെലവ്	₹315000 വികസനഫണ്ട്

ബിൽ നമ്പർ/ തീയതി	312/24.03.2024

പാട്യം, കുന്നോത്ത്പറമ്പ്, തൃപ്രങ്ങോട്ടൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ 3 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഏയ്സ് മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ₹ 315000 ചെലവഴിച്ച് സൈഡ് വീൽ ഘടിപ്പിച്ച മൂന്ന് സ്കൂട്ടർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം ചെയ്തതിന്റെയോ ഗുണഭോക്താക്കൾ ആയത് കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമല്ല. സ.ഉ.(കൈ)നം.115/2022/എൽ.എസ്.ജി.ഡി. തീയതി 28.05.2022 ഖണ്ഡിക 7.1.2(6) പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് കരസ്ഥമാക്കിയാൽ മതി എന്ന് പറഞ്ഞിട്ടുണ്ട്. ആയതു പ്രകാരം ഗുണഭോക്താക്കളുമായി ചമയ്ക്കുന്ന കരാറിൽ ലൈസൻസ് ഹാജരാക്കുന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്താതെയാണ് കരാർ ചമച്ചിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് 08.05.2024 വരെ കാലാവധിയുള്ള ലേണേഴ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിലാണ് വാഹനം നൽകിയിരിക്കുന്നത്. ശ്രീ. അനിൽ കുമാർ, ശ്രീ. ഖാലിദ്. കെ എന്നീ ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതും, ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(3/14.06.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 315000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-22 പാലിന് ഇൻസെന്റീവ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല 1100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	52/24 പാലിന് ഇൻസെന്റീവ്
അടങ്കൽ	₹1250000 വികസന ഫണ്ട് ₹400000 തനത് ഫണ്ട് ആകെ- ₹1650000
ചെലവ്	₹1100000
ബിൽ നമ്പർ/തീയതി/തുക	112/11.11.2023 ₹18062 223/17.01.2024 ₹92537 224/17.01.2024 ₹32684 275/01.03.2024 ₹117628 283/11.03.2024 ₹100000 297/24.03.2024 ₹39254 298/24.03.2024 ₹182770 299/24.03.2024 ₹133896 300/24.03.2024 ₹225082 316/25.03.2024 ₹158087 ആകെ - ₹1100000

DEO

സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 ഖ-6-3(9) പ്രകാരം ക്ഷീരസഹകരണ സംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നും 3/- രൂപ കർഷകന്റെ അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. ഒരു വർഷത്തിൽ പരമവധി സബ്സിഡി 40000/- രൂപ വരെ നൽകാം. ക്ഷീരസഹകരണ സംഘത്തിൽ പാൽ നൽകാത്ത ഇൻഷൂർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീരകർഷകർക്ക് ഉൽപാദനത്തിന് ആനുപാതികമായി വെറ്റിനറി സർജ്ജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം പരമാവധി 20000/- രൂപ വരെ നൽകാം എന്നിങ്ങനെ മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മാങ്ങാട്ടിടം, ചിറ്റാരിപ്പറമ്പ്, കോട്ടയം, പാട്യം, കുന്നോത്ത്പറമ്പ്, തൃപ്രങ്ങോട്ടൂർ എന്നി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന പാൽ അളന്നതിന്റെ ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്, ക്ഷീരസഹകരണ സംഘത്തിൽ പാൽ നൽകാത്ത ഇൻഷൂർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീരകർഷകർക്ക് ഉൽപാദനത്തിന് ആനുപാതികമായി വെറ്റിനറി സർജ്ജന്റെ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ പാൽ അളന്നതിന്റെ സ്റ്റേറ്റ്മെന്റ്, വെറ്റിനറി സർജ്ജന്റെ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ചതിന്റെ കൃത്യത

ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആനുകൂല്യം അനുവദിച്ചതിൽ കോട്ടയം ഗ്രാമപഞ്ചായത്ത് മാത്രമേ ക്ഷീരകർഷകർ പാൽ അളന്നതിന്റെ വിവരം സംബന്ധിച്ച പട്ടിക ലഭ്യമാക്കിയിട്ടുള്ളൂ. എന്നാൽ പ്രസ്തുത സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ആനുകൂല്യം നൽകിയ ഗ്രാമപഞ്ചായത്തിലെ കർഷകർ പാൽ അളന്നതിന്റെ ക്ഷീര സഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) കന്നോത്ത് പറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് മേൽ പദ്ധതിയിനത്തിൽ ആകെ നൽകിയ ആനുകൂല്യം മാർഗ്ഗരേഖയിൽ കാണിച്ചിട്ടുള്ള പരമാവധി സബ്സിഡി – 40000/- രൂപയിൽ കവിഞ്ഞിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/14.06.2024) ലഭ്യമാക്കിയ മറുപടിയിൽ ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റിനെ ആധാരമാക്കിയാണ് ആനുകൂല്യം അനുവദിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ ഓരോ മാസവും കർഷകർ പാൽ അളന്നതിന്റെ ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓരോ ഗ്രാമപഞ്ചായത്തിലെയും കർഷകർ ആകെ പാൽ അളന്നതിന്റെ വിവരം, ഓരോ ബിൽ പ്രകാരവും നൽകിയ ആനുകൂല്യത്തിന് ആധാരമാക്കിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പട്ടിക ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നൽകിയ തുക കൃത്യമാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കന്നോത്ത് പറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് മേൽ പദ്ധതിയിനത്തിൽ ആകെ (ജില്ലാ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ ചേർന്ന്) നൽകിയ ആനുകൂല്യം മാർഗ്ഗരേഖയിൽ കാണിച്ചിട്ടുള്ള പരമാവധി സബ്സിഡി – 40000/- രൂപയിൽ കവിഞ്ഞിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമല്ലാത്തതിനാൽ 1100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ;അധിക സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്, കുത്തുപറമ്പ്
പ്രോജക്ടിന്റെ പേര്/ നമ്പർ	53/24 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി
അടങ്കൽ	₹2550000 (വികസന ഫണ്ട്, പൊതു വിഭാഗം) ₹200000 (തനത് ഫണ്ട്) ₹2750000 (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്)
ചെലവ്	₹2550000 (വികസന ഫണ്ട്, പൊതു വിഭാഗം)
ബിൽ നം. തീയ്യതി, തുക	1) ബിൽ നമ്പർ 2/02.12.2023 ₹92059 2) ബിൽ നമ്പർ 3/11.12.2023 ₹61302 3) ബിൽ നമ്പർ 4/11.12.2023 ₹99620 4) ബിൽ നമ്പർ 7/13.12.2023 ₹73410 5) ബിൽ നമ്പർ 5/11.12.2023 ₹96761 6) ബിൽ നമ്പർ 10/16.01.2024 ₹178105 7) ബിൽ നമ്പർ 13/25.01.2024 ₹169440 8) ബിൽ നമ്പർ 12/20.01.2024 ₹90485 9) ബിൽ നമ്പർ 15/25.01.2024 ₹187242 10) ബിൽ നമ്പർ 6/13.12.2023 ₹30094

11) ബിൽ നമ്പർ 14/25.01.2024 ₹278649
12) ബിൽ നമ്പർ 16/26.03.2024 ₹69300
13) ബിൽ നമ്പർ 17/26.03.2024 ₹246960
14) ബിൽ നമ്പർ 18/26.03.2024 ₹226900
15) ബിൽ നമ്പർ 19/26.03.2024 ₹97188
16) ബിൽ നമ്പർ 20/26.03.2024 ₹205957
17) ബിൽ നമ്പർ 21/26.03.2024 ₹91602
18) ബിൽ നമ്പർ 22/26.03.2024 ₹63233
19) ബിൽ നമ്പർ 23/26.03.2024 ₹191693
ആകെ -₹2550000

കുത്തുപറമ്പ് ബ്ലോക്കിലെ സ്ഥിരതാമസക്കാരായ ക്ഷീര കർഷകർക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ക്ഷീരസംഘം മുഖാന്തിരം 50% സബ്സിഡി നിരക്കിൽ കാലത്തീറ്റ വിതരണം ചെയ്യുന്ന പ്രസ്തുത പദ്ധതിക്കായി മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ശങ്കരനെല്ലൂർ, കൈതേരി, ഉരുവച്ചാൽ, ആയിത്തറമമ്പറം, നീർവ്വേലി, തൊടീക്കളം, ചിറ്റാരിപ്പറമ്പ്, മാനന്തേരി, പാട്യം, കോട്ടയം, പിണറായി, കോട്ടയം അങ്ങാടി സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട് എന്ന് ഇത് സംബന്ധിച്ച് ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) മേൽ ബില്ലുകൾ പ്രകാരം, ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് മുഖാന്തിരം സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത് ക്ഷീരസഹകരണ സംഘങ്ങൾ മുഖേനെ യായിരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കെ ആനുകൂല്യം പണമായി അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല

2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും മേൽ പ്രോജക്ട് ഏറ്റെടുക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ വരെ കാലിത്തീറ്റ നൽകാം എന്നും ജനറൽ വിഭാഗത്തിലെ ഒരു കർഷകന് 50% (പരമാവധി 10000/- രൂപ) സബ്സിഡി നൽകാം എന്നും വ്യക്തമാക്കിയിട്ടുണ്ട് (സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 ഖ-6-3(16)). എന്നാൽ കുത്തുപറമ്പ് ബ്ലോക്കിന് കീഴിലെ വിവിധ പഞ്ചായത്തുകളിൽ ജില്ലാ/ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ വഴി കാലിത്തീറ്റ സബ്സിഡി അനുവദിച്ചതിന്റെ സംഗ്രഹ പട്ടിക പരിശോധിച്ചതിൽ താഴെ പറയുന്ന കർഷകർക്ക് അനുവദിക്കാവുന്ന പരമാവധി തുകയേക്കാൾ അധികരിച്ച് നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	കർഷകന്റെ പേര്	നൽകിയ തുക	അധികം നൽകിയ തുക
ചിറ്റാരിപ്പറമ്പ്	ശാന്ത, മടുവിലക്കണ്ടി, മള്ളന്നൂർ	10420	420
ചിറ്റാരിപ്പറമ്പ്	ജമീല കെ കെ, ഷിൽന മൻസിൽ, തൊടീക്കളം	14295	4295
,,	ലീല എം, കരിയിൽ, തൊടീക്കളം	11425	1425
,,	ഓമന, സോപാനം, തൊടീക്കളം	13585	3585
,,	സിന്ധു കെ, സ്നേഹാലയം, തൊടീക്കളം	13885	3885
	വരുൺ കുമാർ വി ടി, വാഴയിൽ, തൊടീക്കളം	11255	1255
മാങ്ങാട്ടിടം	കുഞ്ഞാമിന കെ കെ, റജീന മൻസിൽ, ശങ്കരനെല്ലൂർ	12567	2567
,,	പുഷ്പ വല്ലി എ,നൂജരക്കണ്ടി, വട്ടിപ്രം	11172	1172

പാടൃം	ചന്ദ്രി വി, മഠത്തിൽ പറമ്പത്ത്, വെങ്ങേളം	11162	1162
	നാണു എം കെ, ബീനാലയം, കണ്ണവം കോളനി	10515	515
	ആകെ		20281

അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/14.06.2024) ലഭ്യമാക്കിയ മറുപടിയിൽ കാലിത്തീറ്റ വിതരണം ചെയ്തതിന് കർഷകർക്ക് നൽകിയ തുകയിൽ ഗ്രാമപഞ്ചായത്ത് വിഹിതമാണ് കൂടുതൽ നൽകിയിട്ടുള്ളതെന്നും ആയത് കർഷകരിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കുകയും അധികം നൽകിയ തുക തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

1-24 സ്ത്രീ പദവി പഠനം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ	ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, കുത്തുപറമ്പ്
പ്രോജക്ട് നമ്പർ , പേര്	88/24, സ്ത്രീ പദവി പഠനം
അടങ്കൽ ₹100000	₹325000 - വികസന ഫണ്ട്, ജനറൽ
ചെലവ്	₹63304
തുക, ബിൽ നമ്പർ/ തീയതി	₹7206 ബിൽ നമ്പർ 115/13.11.2023 ₹18598 ബിൽ നമ്പർ 260/22.02.2024 ₹2641 ബിൽ നമ്പർ 262/22.02.2024 ₹34859 ബിൽ നമ്പർ 310/24.03.2024 ആകെ - ₹63304

സ്ത്രീപദവി പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി പതിനൊന്ന് ഗ്രൂപ്പുകളായി ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ നടത്തുന്നതിനും ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശിലനം നൽകുന്നതിനുമായാണ് മേൽ പ്രകാരം ചെലവ് ചെയ്തിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി 2023-24 സാമ്പത്തിക വർഷം പഠന സംഘങ്ങൾക്ക് പരിശീലനം നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

2. നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (6/14.06.2024) മറുപടിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് കരട് തയ്യാറാക്കിയിട്ടുണ്ടെന്നും മേൽ പ്രോജക്ട് 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 ആസ്തി പരിപാലനം-നടപടികൾ സ്വീകരിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017ലെ ജി.ഒ(ആർ.ടി) 166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക2-2 ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിച്ച് മിനുട്സ് ബുക്കിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/13.06.2024) സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. 2023-24 വർഷം വരെയുള്ള ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് മേൽ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതും കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

1-26 പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാരപരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള 19.04.2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പദ്ധതി മാർഗഗ്രഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ 2023-24 വർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിലെ മേൽ വ്യവസ്ഥകൾ പാലിച്ചതായി തെളിയിക്കുന്ന രേഖകളൊന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല. മേൽ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/15.06.2024) മറുപടി നല്കിയിട്ടില്ല. പൊതുമരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സുതാര്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിനായി മാർഗരേഖയിലെ മേൽ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-27 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - അവലോകനം

കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഹരിതകർമ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംഭരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പാട്യം ഗ്രാമ പഞ്ചായത്തിലെ ചെറുവാഞ്ചേരിയിൽ 261 A നമ്പർ കെട്ടിടത്തിൽ RRF (റിസോഴ്സസ് റിക്കവറി ഫെസിലിറ്റി) സെന്റർ പ്രവർത്തിക്കുന്നുണ്ട്. 2021 ഫെബ്രുവരി 22 ഉദ്ഘാടനം ചെയ്യപ്പെട്ട RRF ന്റെ ആകെ വിസ്തൃതി 282.4 സ്ക്വയർ മീറ്ററാണ്. കെട്ടിടത്തിൽ ശുചി മുറിയും തൊഴിലാളികൾക്ക് ഭക്ഷണം കഴിക്കുന്നതിനായി പ്രത്യേക മുറിയും ഒരുക്കിയിട്ടുണ്ട്. വാട്ടർ പ്യൂരിഫെയർ സ്ഥാപിച്ച് തൊഴിലാളികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ RRFലേക്ക് എത്തിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ബെയിൽ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ബെയിൽ ചെയ്യുന്നതിന് ബെയിലിങ്ങ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. RRF സെന്ററിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ബെയിൽ ചെയ്യുന്നതിനും മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി 4 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. 2023-24 വർഷം 130 ടൺ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ബെയിൽ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ബെയിൽ ചെയ്യുന്നതിനനുസരിച്ച് മാത്രം പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എം.സി.എഫ്. ൽ നിന്ന് എത്തിക്കാൻ നിർദ്ദേശം നല്കുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള RRF ൽ മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ ഇല്ല. RRFലേക്ക് എത്തിച്ചേരാൻ റോഡ് സൗകര്യം ഉണ്ടെങ്കിലും RRFലേക്ക് കയറുന്ന 300 മീറ്ററോളം റോഡ് താർ ചെയ്യാതെ കിടക്കുകയാണ്. ഇത് സുഗമമായ മാലിന്യം നീക്കത്തിന് പ്രയാസമുണ്ടാക്കുന്നുണ്ട്.

ഹരിതകർമ്മ സേന അംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കാനുതകുന്ന പരിശീലനം ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ച് വരുന്നുണ്ട്. പൊതുജനങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളും ബ്ലോക്ക് തലത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

RRFലേക്കുള്ള റോഡ് താർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വാഹനഗതാഗതം സുഗമമാക്കി റിസോഴ്സസ് റിക്കവറി ഫെസിലിറ്റി സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	10.06.2024, 11.06.2024	കെ.എസ്.എ/കെ.എൻ.ആർ/സി.10/980/24 തീയതി: 05.09.2024

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കണ്ണൂർ ജില്ലാ പഞ്ചായത്ത്	2023-24	98,000	പി.എം.എവൈ-എസ്.സി ഗുണഭോക്താക്കൾക്ക് തുക നല്കൽ (പ്രൊജക്ട്നം.84/24)	98,000	0
	ആകെ	98000		98000	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	പാടൃം എച്ച്. സി. സി. യിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ പ്രൊജക്ട് നം.95/24	72/14.08.2023	3,40,012	3,40,012	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	VII-13 4(ii)	1999-00	33	പാർട്ട് ബിൽ തുക അധികം	പരാമർശം നിലനിൽക്കുന്നു
2002-03	VII-13-4(i)	1999-00	25(2)	ഖാദി നെയ്ത്ത് കേന്ദ്രം നടത്തിപ്പിലെ അപാകങ്ങൾ	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	4,78,32,513
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	6,68,70,171
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	213951

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	41921	ശ്രീ. സുരേഷ് കസ്തൂരി, സെക്രട്ടറി ഇൻ ചാർജ്ജ്
1-14	177000	ശ്രീമതി. ബീന. കെ.എം, സെക്രട്ടറി
1-15	200000	ശ്രീമതി. മുന്ന പി സദാനന്ദ്, സെക്രട്ടറി

1-18	87314	ശ്രീമതി. ഗിരിജ. പി.വി, പട്ടികവർഗ്ഗ വികസന ഓഫീസർ
1-19	170000	ശ്രീമതി. ഗിരിജ. പി.വി, പട്ടികവർഗ്ഗ വികസന ഓഫീസർ
1-20	48276	ശ്രീമതി. ഷീന, കൃഷി അസിസ്റ്റന്റ് ഡയറക്ടർ
1-21	315000	ശ്രീമതി. പ്രീത. പി.എം, ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ)
1-22	1100000	ശ്രീ. ജയൻ. എം.വി, ക്ഷീര വികസന ഓഫീസർ
ആകെ	2139511	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സുരേഷ് കസ്തൂരി, സെക്രട്ടറി ഇൻ ചാർജ്ജ്	ജൂനിയർ സൂപ്രണ്ട് തളിപ്പറമ്പ് മുനിസിപ്പാലിറ്റി	കസ്തൂരി ഹൗസ് മാതോടം കണ്ണാടിപ്പറമ്പ്. പി.ഒ
ശ്രീമതി. മുന്ന പി സദാനന്ദ്, സെക്രട്ടറി	ബി.ഡി.ഒ, കുഞ്ഞുപറമ്പ് ബ്ലോക്ക്	രാഘവനിവാസ് പാട്യം, കൊട്ടയോടി പത്തായക്കുന്ന്. പി.ഒ
ശ്രീമതി. ബീന. കെ.എം, സെക്രട്ടറി	വിരമിച്ചു	നിവേദ്യം, മുഴപ്പാല
ശ്രീമതി. ഗിരിജ. പി.വി , പട്ടികവർഗ്ഗ വികസന ഓഫീസർ	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ, കുഞ്ഞുപറമ്പ്	ചേലോറ ഹൗസ് കാവുംതാഴെ കൂടാളി (പി.ഒ)
ശ്രീമതി. ഷീന, കൃഷി അസിസ്റ്റന്റ് ഡയറക്ടർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കുഞ്ഞുപറമ്പ് ബ്ലോക്ക്	സുഷാരം, കവിയൂർ, ചൊക്ലി.പി.ഒ.
ശ്രീമതി. പ്രീത. പി.എം, ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ)	ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ), കുഞ്ഞുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്	പാലത്തൂർ ഹൗസ്, പാട്യം, പുതിയ തെരു, പത്തായക്കുന്ന്.പി.ഒ.

No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Printed from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-2000	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	2
2004-05	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	1
2008-09	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	2
2010-11, 2011-12, 2012-13	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	1
2013-14, 2014-15	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	1
2016-17	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	1
2017-18	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	4
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി.8/ 913/2023 തീയതി 21.06.2023	11
2019-20	കെ.എസ്.എ./കെ.എൻ.ആർ./സി.8/ 444/22 തീയതി: 12.05.2022	10
2020-21	കെ.എസ്.എ/കെ.എൻ.ആർ./സി.8/ 445/2022 തീയതി 18.05.2022	12
2021-22	കെ.എസ്.എ/കെ.എൻ.ആർ./സി.8/ 1589/2022 തീയതി 18.05.2022	12
2022-23	കെ.എസ്.എ/കെ.എൻ.ആർ./സി.8/ 1764/2023 തീയതി 21.11.2023	22

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(2)2024-2025 dated 23-04-2024 and submitted on 08-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Kuthuparamba Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kuthuparamba Block Panchayat as on 31-03-2024

Date: 05/09/2024

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Kuthuparamba Block Panchayat for the Year 2023-2024 .

1.Major Observations

NIL

2.Other Observations

1. Grant liability amounts shown as liability in balance sheet does not match with bank account opened for the specified

grant account eg :- finance commission Grant, TSC, SGSY, IAY

2. Amount used for asset creation using specific grant account not transfered to capital contribution and treated as revenue income

3. Honorarium of elected representative and salary of temperorary staff is not shown as liability in B-9 schedule

4. closing stock is not shown in balance sheet B-14 schedule

5. Details of liability which has the same balance of previous year such as VAT, Flood Cess as per B-9schedule is not produced, balance of CGST, SGST as per B-9schedule does not match with RP-36 Receipt and Payment in respecitive head & closing balance as per 2022-23 Balance Sheet.

6. Finance commission Grant receipt & expenditure as per annual financial statement does not match with appropriation control register ,details of amount of Rs 76367 in RP-7 is not provided for verification

7. Cash Flow statement - Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

8. The following mandatory financial such as , Ratios, comparitive amounts for the preceding year,notes on accounts prescribed in accounting rules are not submitted for audit, amount in Balance Sheet and Receipt and Payment Statement not rounded of to a rupee.

9. Rent demand registers does not match with AFS

10. Updated asset register is not maintained so as to verify the asset vallue as per B-11 Schedule.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
rated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

അനുബന്ധം-3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kuthuparamba Block Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	31032974.01
Cash	Cash	RP-40(a)	0.0
	Operating		
140000000	Fees & User Charges	RP-4	36172.00
150000000	Sale & Hire Charges	RP-5	36341.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	33086773.00
171000000	Interest Earned	RP-9	64717.00
320000000	Grants, Funds & Contributions for Specific Purposes	RP-31	11556692.00
	Non Operating		
180000000	Other Income	RP-10	4400.00
340000000	Deposits Received	RP-34	10000.00
350000000	Other Liabilities	RP-36	153117.00
431000000	Sundry Debtors (Receivables)	RP-43	722906.00
460000000	Loans, Advances and Deposits	RP-47	2161395.00
	Grand total		**78865487.01**
	PAYMENTS		

	Operating		
210000000	Establishment Expenses	RP-11	3916059.00
220000000	Administrative Expenses	RP-12	8713858.00
230000000	Operations & Maintenance	RP-13	967990.00
250000000	Decentralised Plan Programme- Productive Sector	RP-15	5200000.00
251000000	Decentralised Plan Programme- Service Sector	RP-16	18064149.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	400000.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	1568968.00
255000000	Maintenance Projects	RP-20	1015906.00
280000000	Prior Period Item / Transfer to Reserve Funds(ILGMS)	RP-26	11035.00
350000000	Other Liabilities	RP-36	3553652.00
	Non Operating		
240000000	Interest & Finance Charges	RP-14	592.00
340000000	Deposits Received	RP-34	28075.00
350000000	Other Liabilities	RP-36	255439.00
410000000	Fixed Assets	RP-38	1041280.00
431000000	Sundry Debtors (Receivables)	RP-43	20553601.00
460000000	Loans, Advances and Deposits	RP-47	1579567.00
	Closing Balance		
Bank	Bank	RP-40(b)	11995316.01
Cash	Cash	RP-40(b)	0.0
	Grand Total		**78865487.01**

അനുബന്ധം-3-2

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Kuthuparamba Block Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2023 to 31-March-2024

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)

Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

Code.No.	Description of Items	Schedule No.	Amount
	INCOME		
130000000	Rental Income from Panchayat / Municipal Properties	I-3	766080.00
140000000	Fee & User Charges	I-4(b)	36172.00
150000000	Sale & Hire Charges	I-5(b)	36341.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	44198289.00
171000000	Interest Earned	I-8	64717.00
180000000	Other Income	I-9	4400.00
	Total Income		**45105999.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	3916059.00
220000000	Administrative Expenses	I-11(b)	8859104.00
230000000	Operations & Maintenance	I-12(b)	1369753.00
240000000	Interest & Finance Charges	I-13	592.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	5607375.00
251000000	Decentralised Plan Programme-Service Sector	I-14(a)	17723158.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	3471048.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	1568968.00
255000000	Maintenance Projects	I-14(e)	1015906.00
272000000	Depreciation	I-17(a)	2333905.00
	Total Expenditure		**45865868.00**
	Gross Surplus / Deficit of income over Expenditure		**-759869.00**
280000000	Prior Period Item / Transfer to Reserve Funds(ILGMS)	I-18	197352.00
	Net difference (Prior period Income - Prior period Expenditure)		**-957221.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18(a)	0.0

അനുബന്ധം-3-3

ബാലൻസ് ഷീറ്റ്

Kuthuparamba Block Panchayat BALANCE SHEET			
As on 31-March-2024			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	14770301.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	48184822.00
	Total Reserve & Surplus		**62955123.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	11478983.01
	Total Grants, Contributions for Specific Purposes		**11478983.01**
	Loans		
	Current Liabilities & Provisions		
340000000	Deposits Received	B-7	941366.00
350000000	Other Liabilities	B-9	261414.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**1202780.00**
	TOTAL LIABILITIES		**75636886.01**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	62422095.00

File No. LSGD/JD/KNR/6613/2024-D4 (Computer No. 365740)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 11/09/2024 04:46 PM

411000000	Accumulated Depreciation	B-11	-20768598.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		**41653497.00**
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	20709983.00
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	11995316.01
460000000	Loans, Advances and Deposits	B-18	1278090.00
	Total Current Assets, Loans and Advances		**33983389.01**
	Other Assets		
Miscellaneous Expenditure (To the Extent not written off)			
TOTAL ASSETS	**75636886.01**		

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ